ക്രൈസ്തവാദർശങ്ങളും സഭാസംവിധാനവും

SCARIA ZACHARIA

"Let this Church die" — 1971–ൽ അമേരിക്കയിൽ പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തിന്റെ ശീർഷകമാണിത്. ഏതോ മതവിരോധിയുടെ ഗ്രന്ഥമാണിതെന്നു് നിങ്ങൾ കരുതുന്നുണ്ടാവാം. ക്ഷമിക്കണം, നിങ്ങൾക്കു തെറ്റി. ക്രൈസ്തവാദർശങ്ങൾ യുവജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ അഹോരാത്രം യത്നിക്കുന്ന, മിഷണറി ചൈതന്യം നിറഞ്ഞുതുളുമ്പുന്ന ഒരു വ്യക്തിയാണു ഗ്രന്ഥകർത്താവു്. Richard Weaver എന്നാണു് അദ്ദേഹത്തിന്റെ പേരു്. ഇന്നത്തെ സഭ തണുപ്പനാണെന്നും ക്രൈസ്തവാദർശങ്ങളുടെ നിഷേധമാണു് അതിന്റെ പ്രവർത്തനശൈലിയിലുടനീളം നിഴലിക്കുന്നതെന്നും വിശ്വസിക്കുന്ന ബഹുശതം യുവജനങ്ങളുടെ ക്ഷോഭമാണു് Richard Weaver ടെ വിഷയം. വീവർ അവതരിപ്പിക്കുന്ന 'ക്ഷോഭിക്കുന്ന വരുടെ വാക്കുകൾ' ഇവിടെ പകർത്തേണ്ട ആവശ്യമില്ല. ഈ കൊച്ചു കേരളത്തിലെ യുവജനങ്ങൾ ചർച്ചായോഗങ്ങളിൽ പലപ്പോഴും വികാരാവേശത്തോടെ പറഞ്ഞുകേട്ടിട്ടുള്ള കാര്യങ്ങളാണു വീവറും പറയുന്നതു്. സത്യത്തിൽ ഈ പ്രതിഷേധശബ്ദം യുവതലമുറയുടേതു മാത്രമാക്കി പരിമിതപ്പെടുത്തി കാണുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. പക്വമതികളെന്നു കരുതേണ്ട നിരവധി വ്യക്തികൾ — അവരിൽ അനേകം ദൈവശാസ്ത്രജ്ഞന്മാരും ഉൾപ്പെട്ടും — ഇതേ സ്വരത്തിലല്ലെങ്കിലും അതിനിശിതമായിത്തന്നെ ക്രൈസ്തവാദർശങ്ങളും സഭയും തമ്മിലുള്ള വിടവു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മാക്സിമോസ്, സൂനൻസ് തുടങ്ങിയ സഭോപിതാക്കന്മാർതന്നെ രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം ഇക്കാര്യം വെട്ടിത്തുറന്നു പറഞ്ഞിരിക്കുന്നു. സഭയും ക്രൈസ്തവാദർശങ്ങളും തമ്മിൽ പ്രകടമായ വൈരുദ്ധ്യമാണുള്ളതെന്നു മാക്സിമോസ് തുറന്നടിച്ചു പറഞ്ഞിട്ടുണ്ടു്. മനുഷ്യസാഹോദര്യം ക്രൈസ്തവവിശ്വാസത്തിന്റെ ആണിക്കല്ലാണെങ്കിലും ക്രൈസ്തവസഭയിൽ യജമാനന്മാരും അടിമകളും മാത്രമാണുള്ളതെന്നു മാക്സിമോസ് പ്രഖ്യാപിച്ചതുമാത്രം അനുസ്മരിക്കുക. സൂനൻസിന്റെ സദുപ്രസ്താവനകൾ ഉദ്ധരിച്ചു് ഈ പ്രകരണം ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ചരിത്രവിദ്യാർത്ഥികൾക്കു പെട്ടെന്നോർമ്മ വരിക പ്രോട്ടസ്റ്റന്റു് വിപ്ലവത്തെക്കുറിച്ചായിരിക്കും. ലൂഥറും കാൽവിനും മറ്റതുപോലുള്ള പ്രോട്ടസ്റ്റന്റു് പ്രമാണിമാരും കത്തോലിക്കാസഭയെ തള്ളിപ്പറഞ്ഞതും എന്താണിതേ മ

ട്ടിൽത്തന്നെയാണു്. ഇന്നു് അതേ ആരോപണങ്ങളം തന്നെ പ്രോട്ട സ്റ്റന്റു് സഭകൾക്കെതിരായും മുഴങ്ങുന്നു. കത്തോലിക്കാസഭയിൽ മാത്രമുള്ള പ്രശ്നമായി ഇതിനെ പരിമിതപ്പെടുത്തി കാണുന്നതു് യുക്തിസഹമല്ല. കൊച്ചുകേരളത്തിലെ യാക്കോബായ സഭയിൽനിന്നും മാത്തോമ്മാസഭ ഉണ്ടായപ്പോഴും മാത്തോമ്മാ സഭയിൽനിന്നും ഇവാൻജലിക്കൽ സഭ ഉണ്ടായപ്പോഴും മുഴങ്ങിക്കേട്ട പ്രസ്താവനകളം ഉള്ളടക്കത്തിൽ മേല്പറഞ്ഞതു തന്നെയായിരുന്നു. ഇതുയും പറഞ്ഞതിൽനിന്നും ഊറിക്കൂടുന്ന ഒരു പരമാർത്ഥമുണ്ടു്: പരിവർത്തനദാഹികളുടെ സാഹസികതയെ വെല്ലുവിളിച്ചുകൊണ്ടു് ക്രൈസ്തവാദർശങ്ങളും സഭാസംവിധാനവും വിഘടിച്ചു നില്ക്കുന്നു. ഗുരുതരമായ ഒരു പ്രശ്നമാണിതു്. (സ്ഥാപനസ്വഭാവമുള്ള എല്ലാ മതങ്ങളും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണിതു്).

കത്തോലിക്കാസഭയുടെ സവിശേഷപശ്ചാത്തലത്തിൽ ഈ പ്രശ്നം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ അല്പമായൊന്നു വിശദമാക്കാം. തിരുസ്സഭയുടെ ഘടനയെക്കുറിച്ചുള്ള 'ജനതകളുടെ പ്രകാശം' എന്ന കൗൺസിൽരേഖ നമ്മുടെ സവിശേഷപഠനം അർഹിക്കുന്നു. ദീർഘമായ ചർച്ചകൾക്കുശേഷം രണ്ടാം വത്തിക്കാൻ കൗൺസിൽ അംഗീകരിച്ച പ്രമാണരേഖയാണല്ലോ ഇതു്. പഴയ സൂനഹദോസുകളുടെ പഠനങ്ങളം അംഗീകരിച്ചുകൊണ്ടുതന്നെ ഈ രേഖ സവിശേഷമായ ചില ഊന്നലുകളം ചില കാര്യങ്ങളം നൽകുന്നുണ്ടു്. 'സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണു്' — ഈ ആശയം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കണ്ടുപിടുത്തമൊന്നുമല്ല. എന്നാൽ ഇക്കാര്യം എടുത്തുപറഞ്ഞുവെന്നതു് കൗൺസിലിന്റെ മുഖ്യനേട്ടങ്ങളിലൊന്നാണു്. ക്രൈസ്തവവിശ്വാസികളുടെ സാഹോദര്യത്തിലാണല്ലോ കൂട്ടായ്മയിൽ ഊന്നൽ, ഇവിടെ യജമാനനും പ്രജകളുമില്ല. സഭയിൽ കുടുംബബന്ധമാണുള്ളതു്. കൂട്ടായ്മയെക്കുറിച്ചുള്ള ചർച്ചയിൽ ദൈവജനത്തിന്റെ പൊതുവായ സവിശേഷതകളാണു പ്രധാനം. മാമ്മോദീസായിലൂടെ തിരുസ്സഭാകുടുംബത്തിൽ എല്ലാവരും ജനിക്കുന്നു. കൂദാശകളിലൂടെ പരിപോഷിപ്പിക്കപ്പെടുന്നു. ഉദാത്തമെന്നു വിശേഷിപ്പിക്കാവുന്ന ഈ സമൂഹത്തിൽ ശുശ്രൂഷയുടെ പദവികളാണുള്ളതു്. വൈദികരും മെത്രാന്മാരുമാണു് ശുശ്രൂഷയുടെ പദവിയിൽ പ്രധാനമായും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവർ. വിശ്വാസികളുടെ തലയ്ക്കു മുകളിലല്ല വിശ്വാസികളുടെ ഇടയിലാണു് അവരുടെ സ്ഥാനം. ദൈവജനത്തിനു പൊതുവായിട്ടുള്ള ധർമ്മങ്ങളിൽ പരമപ്രധാനം സുവിശേഷഘോഷണമാണു്. ഇതു് ദൈവജനത്തിന്റെ പൊതുവായ ബാദ്ധ്യതയാണു്. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ഞാൻ നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതെല്ലാം അവരെ പഠിപ്പിക്കുകയും ചെയ്യുക' എന്ന കല്പന ദൈവജനത്തിനു മുഴവനുമായുള്ളതാണു്.

ഹയരാക്കിയുടെ സ്ഥാനം

'ഹയരാക്കി' എന്ന പദം തന്നെ പെട്ടെന്നു ഒരു പിരമിഡി

ന്റെ ചിത്രം നമ്മുടെ മനസ്സിലുണർത്തുന്നു. പൊളിറ്റിക്കൽ സയൻസ് ക്ലാസ്സിൽ പഠിച്ച വിവിധ ഭരണസമ്പ്രദായങ്ങളെക്കുറിച്ചുള്ള തത്വങ്ങളും നമ്മുടെ മനസ്സിൽ ഓടിയെത്തുന്നു. പിരമിഡിന്റെ ഏറ്റവും മുകളിലായി മാർപ്പാപ്പാ, തൊട്ടു താഴെ കർദ്ദിനാളന്മാർ, മെത്രാന്മാർ, വൈദികർ ഏറ്റവും താഴെ അല്മായർ ഇതാണ് മനസ്സിലേക്കു ഇരച്ചുകയറി വരുന്ന ചിത്രം. അങ്ങ് ഉയരത്തിൽ ഇരിക്കുന്ന മാർപ്പാപ്പാ സഭയെ ക്രിസ്തുവുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണെന്നു ചിലർക്കു തോന്നിയേക്കാം. തീർന്നില്ല; ഈ സംവിധാനത്തെ നിലവിലുള്ള ഭരണസംവിധാനങ്ങളുമായി തുലനം ചെയ്യാനുള്ള ശ്രമമാണ് ഇനി നടക്കുക. ഏറെക്കുറെ ഒരു ഏകാധിപത്യത്തിന്റെ ചട്ടക്കൂട്ടിൽ ഇതിനെ ഇണക്കിച്ചേർക്കാമെന്ന വിധിതീർപ്പാണു പലർക്കും ലഭിക്കുക.

മേല്പറഞ്ഞ കാര്യങ്ങളൊന്നും സഭയുടെ ആന്തരയാഥാർത്ഥ്യത്തോടു നീതി പുലർത്തുന്നില്ല എന്നതാണു സത്യം. സഭയിലെ ഹയരാർക്കിയെ — ശ്രേഷ്ഠയുടെ പദവികളെ — ഒരു രാഷ്ട്രീയ ഭരണസംവിധാനത്തോടും ഉപമിക്കാനാവില്ല. ക്രിസ്തുവിന്റെ സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാണ്. ഈ ശരീരത്തിന്റെ അവയവങ്ങൾക്കോരോന്നിനും വ്യതിരിക്തമായ ധർമ്മമുണ്ട്. പക്ഷേ അവയെല്ലാം വ്യക്തിയുടെ ആത്മവത്തയുമായി ബന്ധപ്പെട്ടാണ് ചലിക്കുന്നതു്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളും അങ്ങനെതന്നെ. മനുഷ്യശരീരത്തിൽ ശിരസ്സിനു സവിശേഷമായ സ്ഥാനമുണ്ട്, നിയന്ത്രണശക്തിയുണ്ട് എന്നു പറഞ്ഞാൽ കരങ്ങളുടെ പ്രാധാന്യം കുറഞ്ഞുപോകുമോ? എല്ലാ അവയവങ്ങളും വ്യക്തിയിൽനിന്നു വൈതന്യമാർജ്ജിക്കുന്നു. ക്രിസ്തുവിൽനിന്നു ജീവനുൾക്കൊള്ളുന്ന ദൈവജനത്തിന്റെ നിലയും ഇതുതന്നെ.

വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ റോമാ മാർപ്പാപ്പായ്ക്കുള്ള അപ്രമാദിത്വവും, അജപാലനപരമായി മെത്രാന്മാർക്കുള്ള ചുമതലകളും, പൗരോഹിത്യത്തിന്റെ സവിശേഷ ചുമതലകളുള്ള വൈദികരുടെ കർത്തവ്യനിഷ്ഠാനങ്ങളും ദൈവജനത്തിന്റെ ശ്രേഷ്ഠയുടെ പദവികളായിത്തന്നെ വ്യാഖ്യാനിക്കപ്പെടണം.

സഭയെക്കുറിച്ചുള്ള കാതലായ കാഴ്ചപ്പാട് ഇതായിരിക്കെ വിശ്വാസികളുടെയും അവിശ്വാസികളുടെയും ദൃഷ്ടിയിൽ സഭ മറ്റു പലതുമായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്. ഇതിനുള്ള മൗലിക കാരണം വളരെ ഒതുക്കി കാർഡിനൽ സൂനൻസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്: 'സ്ഥാപനങ്ങളുടെയും അവയുടെ പ്രതിനിധികളുടെയും മാനുഷികമായ വശം മാത്രം കാണുവാനുള്ള ഒരു പ്രലോഭനം നമുക്ക് എല്ലായിപ്പോഴുമുണ്ട്. നാമെല്ലാവരും നമ്മുടെ നിധി സൂക്ഷിക്കുന്നതു തകരുന്ന പാത്രങ്ങളിലാണ്''. മർമ്മസ്പർശിയായ പ്രസ്താവനയാണിതു്. അല്മായർ മാത്രമല്ല വൈദികരും മെത്രാന്മാരും മാർപ്പാപ്പായും ഈ ദൗർബല്യം പ്രകടമാക്കിയിട്ടുണ്ട് എന്നു പറയാൻ എന്തിനു മടിക്കണം. അഭിഷിക്തരായ ശ്രേഷ്ഠരുടെ ആവശ്യം നിഷേധിക്കുന്ന ചില ക്രൈസ്തവ സമൂഹങ്ങളുണ്ട്. എന്നാൽ കത്തോലിക്കാസഭ ഈ

നിലപാട് അംഗീകരിക്കുന്നില്ല. പ്രേഷിതദൗത്യവും വിശ്വാസികരണ ധർമ്മവും അജപാലനാധികാരവുമുള്ള ഒരു ശ്രേഷ്ഠാസംഘം, ആദിമ സഭയിലെന്നപോലെ ഇന്നും ആവശ്യമാണെന്നതന്നെ സഭ വിശ്വസിക്കുന്നു. പക്ഷേ ഈ ശ്രേഷ്ഠാസംഘം ഏതു തരത്തിലുള്ള 'ഇമേജാണു സൃഷ്ടിച്ചിരിക്കുന്നതു്? കാനൻ നിയമങ്ങൾകൊണ്ടു് വരിഞ്ഞുകെട്ടിയ ഒരു സമൂഹത്തിന്റെ നിയമപാലകരായിട്ടല്ലേ മാപ്പാപ്പായും മെത്രാന്മാരും വൈദികരും പരിഗണിക്കപ്പെടുക? ഈ ദുസ്ഥിതി മാറാതെ തരമില്ല. സഭയുടെ നൈയാമിക സ്വഭാവമല്ല, കൗദാശിക സ്വഭാവമാണു് ഹയരാക്കിയിലൂടെ പ്രകാശിക്കേണ്ടതു്. ദൈവദത്തമായ അധികാരങ്ങളെ നിഷേധിക്കാതെ തന്നെ പറയട്ടെ, ദൈവജനത്തിന്റെ കൂട്ടായ്മയാണു്, ആത്മീയവേഴ്ചയാണു്, കാനൻ നിയമങ്ങളല്ല പരമപ്രധാനം. ദൈവജനത്തിന്റെ കൂട്ടായ്മയുടെ ചൈതന്യത്തെ നിഹനിക്കുന്ന നിയമങ്ങൾ തുത്തെറിഞ്ഞേ മതിയാവൂ. സഭയുടെ അദൃശ്യാംശത്തെ വിസ്മരിപ്പിക്കുന്ന, അവഗണിക്കുന്ന ദൃശ്യാംശങ്ങളും കാലഘട്ടത്തിന്റെ ചൈതന്യപ്രവാഹത്തിൽ മാറിപ്പോയേ തീരൂ. കാലഘട്ടത്തിന്റെ ആത്മാവു ഗ്രഹിക്കാൻ സഭയ്ക്കുള്ള വ്യഗ്രതയാണല്ലോ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖയിലൂടെ പ്രകടമാകുന്നതു്. 'ജനതകളുടെ പ്രകാശം', 'സഭ ആധുനികലോകത്തിൽ' എന്ന രണ്ടു പ്രമാണരേഖകളുടെ പശ്ചാത്തലത്തിൽ കാനോൻ നിയമങ്ങളും സമൂലം പൊളിച്ചെഴുതുകയെന്നതു് ഇന്നിന്റെ ആവശ്യമാണു്. 'തിരുസ്സഭയാകുന്ന മണ്ണിൽ കൗൺസിൽ വിതച്ച ജീവന്റെ വിത്തു വളർന്നു വികാസം പ്രാപിക്കണം' എന്നാഗ്രഹിക്കുന്നവർ ഇക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കുന്നുണ്ടു് എന്നതു് സമാശ്വാസകരം തന്നെ. സഭയുടെ ഇമേജ് രൂപീകരിക്കുന്നതിൽ കാനൻനിയമങ്ങൾക്കുള്ള സവിശേഷപ്രാധാന്യം കണക്കിലെടുത്തു് ദൈവജനത്തിന്റെ മുഴുവൻ ആശയാഭിനിവേശങ്ങളും പരിഗണിച്ചു് ഇക്കാര്യത്തിൽ പ്രവർത്തിച്ചിരുന്നെങ്കിൽ ഏറെ നന്നായിരുന്നു. ഇവിടെ ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ടു്. ഇന്നത്തെ കാനോൻ നിയമങ്ങൾക്കു് ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ടെന്നു കാര്യം പരിഷ്കർത്താക്കൾ വിസ്മരിക്കരുതു്. പ്രോട്ടസ്റ്റന്റു് വിപ്ലവം ദൃശ്യസഭയുടെ സംഘടനാസ്വഭാവത്തെ പരിധിവിട്ടു് ചോദ്യം ചെയ്തതിന്റെ ഫലമായി സഭയുടെ സംഘടനാസ്വഭാവം ആവശ്യത്തിലധികം, അസ്ഥാനത്തുപോലും ഊന്നിപ്പറയേണ്ട ഗതികേടു് ഒരു കാലഘട്ടത്തിൽ സഭയ്ക്കുണ്ടായി. ഇതു് യൂറോപ്പിലെ കഥ. പൗരസ്ത്യ സഭകളിലാണെങ്കിൽ, വിശേഷിച്ചും കേരളത്തിൽ പാശ്ചാത്യസഭകളിൽ നിന്നെത്തിയ മിഷണറിമാർ പാശ്ചാത്യസംസ്കാരത്തിന്റെ മാനദണ്ഡങ്ങളനുസരിച്ചു് നിർമ്മിച്ച ചട്ടക്കൂടു് ഇന്നും നിലനില്ക്കുന്നു. പാരമ്പര്യാധിഷ്ഠിത സമൂഹങ്ങൾക്കു് സ്വായത്തമായിട്ടുള്ള പൈതൃകചൈതന്യം വീണ്ടെടുക്കാനുള്ള സുവർണ്ണാവസരമാണു് ഇപ്പോൾ കൈവന്നിരിക്കുന്നതു്. ചട്ടങ്ങളും നിയമങ്ങളും വേണ്ടെന്നല്ല ഇപ്പറഞ്ഞുവരുന്നതു്. മറ്റേതു സമൂഹത്തേപ്പോലെയും നമുക്കും നിയമവാഴ്ച ആവശ്യമാണു്. പക്ഷേ

അതു് ദേശകാലപരിതോവസ്ഥകൾക്കും സഭയുടെ ആന്തരൈക്യത്തിനും അനുഗുണമായിരിക്കണം. പ്രാദേശിക സഭാസമൂഹങ്ങൾക്കു് സഭാമാതാവു് ഉദാരസ്വാതന്ത്ര്യം അനുവദിച്ചിച്ച തന്നിരിക്കുന്ന നിരവധി മേഖലകളിലെങ്കിലും അനുരൂപണത്തിനുള്ള തീവ്രശ്രമങ്ങൾ ഉടനടി ഉണ്ടാകേണ്ടിയിരിക്കുന്നു. പൗരസ്ത്യസഭകളുടെ കാര്യത്തിൽ ഈ പ്രമേയം പരമപ്രധാനമാണു്.

സഭയുടെ സ്ഥാപനസ്വഭാവവും ആന്തരയാഥാർത്ഥ്യങ്ങളും തമ്മിലുള്ള പൊരുത്തക്കേടിനു് നിരവധി ഉദാഹരണങ്ങൾ ഉദ്ധരിക്കാൻ ആക്കും സാധിക്കും. അത്തരമൊരു പോസ്റ്റുമാർട്ടം പരിശോധനകൊണ്ടു് വിശേഷിച്ചൊരു നേട്ടവും നമുക്കുണ്ടാകുകയില്ല എന്നു കരുതുന്നതിനാൽ ഭാവിയിലേക്കു നോക്കിക്കൊണ്ടു് ചില കാര്യങ്ങൾമാത്രം ഇവിടെ കുറിക്കാം. മതപഠനത്തെക്കുറിച്ചുതന്നെയാവട്ടെ നമ്മുടെ പ്രഥമ ചിന്തകൾ. സഭയുടെ കൗദാശിക സ്വഭാവം വിശദീകരിക്കുന്നതിലാവണം നമ്മുടെ മുഖ്യ ശ്രദ്ധ. സഭയുടെ സംഘടനാസ്വഭാവം അതിന്റെ ഒരു ഭാഗമായിട്ടാണു് അവതരിപ്പിക്കേണ്ടതു്. (ഇതു രണ്ടിനേയും വേർതിരിച്ചു കാണുന്ന ചില ഉല്പതിഷ്ണുക്കളോടു വിയോജിക്കാതെ തരമില്ല). സഭയുടെ പ്രേഷിതദൗത്യത്തിന്റെയും വിശ്വാസീകരണ ധർമ്മത്തിന്റെയും തുടർച്ചയായിട്ടാണു അജപാലനാധികാരങ്ങളെ പരാമർശിക്കേണ്ടതു്. മറ്റൊരുകാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ടു്. സഭയുടെ കാതലായ യാഥാർത്ഥ്യങ്ങളും ബാഹ്യക്രമീകരണങ്ങളും കൂട്ടിക്കുഴച്ചു് തുല്യപ്രാധാന്യത്തോടെ അവതരിപ്പിക്കുന്നതു് അപകടകരമാണു്. ഈ അമളി കഴിഞ്ഞകാലങ്ങളിൽ നമുക്കു സംഭവിച്ചിട്ടുണ്ടു്. സനാതനങ്ങളും പരിവർത്തനവിധേയങ്ങളുമായ കാര്യങ്ങൾ സഭയിലുണ്ടു്. അവ വകതിരിച്ചു് യഥാർഹം വിശദീകരിച്ചാലേ തെറ്റിദ്ധാരണകൾ ഒഴിവാക്കാനാവൂ.

ദൈവജനത്തിന്റെ കൂട്ടായ്മയെക്കുറിച്ചാണു ഇനി അല്പം പറയാനുള്ളതു്. ഇടവകയിലും, രൂപതയിലും പ്രാദേശികസഭയിലും വിശ്വാസഭയിലും 'കൂട്ടായ്മ' സ്പഷ്ടമാക്കുന്ന സംവിധാനങ്ങൾ ഉണ്ടാകണം. പരിവർത്തനവിധേയങ്ങളാകാവുന്ന കാര്യങ്ങൾ ദൈവജനത്തിന്റെ പൊതുവായ പരിഗണനയ്ക്കും വിധിതീർപ്പിനും സമർപ്പിക്കുന്നതിനുള്ള സന്നദ്ധത ഉണ്ടാവണം. സനാതനധർമ്മങ്ങൾ ഉദ്ഘോഷിക്കാൻ ദൈവജനം ഒന്നിച്ചണിനിരക്കണം. പ്രേഷിതരംഗത്തു് അല്മായപങ്കാളിത്തം വികസിപ്പിച്ചെടുക്കണം. 'അധികാരത്തിലുള്ള പങ്കുചേരലായി' കൂട്ടായ്മയെ തരംതാഴ്ത്തിക്കാണുന്നവരോടു് സഹതപിക്കുകയേ തരമുള്ളൂ. സത്യത്തിൽ കൂട്ടായ്മ ദൈവശുശ്രൂഷയിലുള്ള പങ്കുചേരലായിത്തന്നെ വ്യാഖ്യാനിക്കപ്പെടണം. രൂപതകളിലും ഇടവകകളിലും ഇന്നുള്ള ചില്ലറസംവിധാനങ്ങൾ അധികാരത്തിലുള്ള പങ്കുചേരലല്ല എന്നു പരിതപിക്കുന്നവർ നിരവധിയുണ്ടു്. എന്നാൽ സമ്പൂർണ്ണമായ സഭാദൗത്യത്തിലുള്ള പങ്കുചേരലല്ല അതെന്നു പരാതിപ്പെടുന്നവർ വിരളമാണു്. എന്താണിതിന്റെ കാരണമെന്നോ? അധികാരത്തിന്റെ അപ്പക്കഷ്ണമായിമാത്രം സഭയെക്കാണുന്ന

വികൃതദർശനമാണിതിനു കാരണം. ഈയൊരു വികൃതദർശനം ദൈവജനത്തിനു എങ്ങനെ ലഭിച്ചു? നിങ്ങൾതന്നെ ആലോചിച്ചുനോക്കൂ.

തിരുപ്പട്ടത്താൽ സഭാശ്രേഷ്ഠർക്ക് പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന അജപാലകന്മാരുടെ പ്രവർത്തനം ഇന്നു ഏറെ സങ്കീർണ്ണവും ക്ലേശകരവുമായിത്തീർന്നിട്ടുണ്ട്. സുവിശേഷം പ്രസംഗിക്കുക എന്നതാണ് അവരുടെ ദൗത്യമെന്നു എല്ലാവർക്കുമറിയാം. എന്നാൽ ഒരു മാനുഷികസംഘടനയിലെ നായകന്മാർ എന്ന പദവിമൂലം നിരവധി കാലികപ്രശ്നങ്ങളും അവർ അഭിമുഖീകരിക്കേണ്ടിവരുന്നു. വിശ്വാസപ്രസംഗകർ എന്ന പദവിക്കു പുറത്തുവച്ചാണു പലരും അവരെ കാണുന്നതും കേൾക്കുന്നതും വിലയിരുത്തുന്നതും. അനുക്ഷണവികസ്വരമായ പ്രപഞ്ചജ്ഞാനമുയർത്തുന്ന വെല്ലുവിളികളും മുഴുവൻ താങ്ങേണ്ടവരായിട്ടാണ് അജപാലകന്മാർ കരുതപ്പെടുന്നതു്. ക്രൈസ്തവമതത്തിന്റെ സമഗ്രസ്വഭാവം പരിഗണിക്കുമ്പോൾ ഈ ഉത്തരവാദിത്വങ്ങളിൽനിന്നു കൈകഴുകിമാറാൻ അവർക്കു കഴിയുമെന്നും തോന്നുന്നില്ല. സഭയെന്നു പറയുന്നതുതന്നെ പല ഉപരിപ്ലവബുദ്ധികൾക്കും അജപാലകർ മാത്രമാണ്. ഇങ്ങനെ നോക്കുമ്പോൾ ഈ പദവികളിലേയ്ക്കു കടന്നുവരുന്നവരുടെ തെരഞ്ഞെടുപ്പിലും അധികാരനിർവചനത്തിലും, പ്രവർത്തനത്തിലും ഏറെ സൂക്ഷ്മത ആവശ്യമുണ്ടെന്നു വരുന്നു. സഭയുടെ യഥാർത്ഥ സങ്കല്പത്തിനു നിരക്കുന്നതായിരിക്കണം അവരുടെ തെരഞ്ഞെടുപ്പും അധികാരങ്ങളും. രണ്ടാംവത്തിക്കാൻ കൗൺസിൽ നൽകുന്നവെളിച്ചത്തിൽ ഇക്കാര്യത്തെക്കുറിച്ച് ഗൗരവതരമായി ചിന്തിച്ച് അടിയന്തിരമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആടുകളെ അറിയുന്നവനമാത്രമേ ഉത്തമ ഇടയനാകാൻ കഴിയൂ. ദൈവജനവുമായി ഉറ്റ സമ്പർക്കം പുലർത്താൻ കഴിയാത്തവണ്ണം രൂപതകളുടെയും ഇടവകകളുടെയും വിസ്തീർണ്ണവും ഘടനയും മാറ്റിയെടുത്താലേ ഇടയനു് ആടുകളുമായി ഉറ്റബന്ധം പുലർത്താൻ കഴിയൂ.

ക്രൈസ്തവസഭയുടെ സ്ഥാപനസ്വഭാവങ്ങളെക്കുറിച്ചുകൂടി അല്പമായിട്ടെങ്കിലും ചിന്തിക്കേണ്ടിയിരിക്കുന്നു. ആവശ്യത്തിലധികം സ്ഥാപനസ്വഭാവവും തദ്ജന്യമായ സ്റ്റാറ്റസ്കോ വാദവുമാണ് ക്രൈസ്തവാദർശങ്ങളിൽനിന്നു വിഘടിച്ചുനിൽക്കാൻ ക്രൈസ്തവസഭയെ നിർബന്ധിക്കുന്നതെന്ന അഭിപ്രായം ഗൗരവമായ പരിഗണന അർഹിക്കുന്നു. സ്ഥാപനസംരക്ഷണവ്യഗ്രത ആദർശങ്ങളെ അവഗണിക്കാൻ ക്രൈസ്തവസഭയെ പ്രേരിപ്പിക്കുന്നുണ്ടോ? ആത്മാർത്ഥമായ ആത്മപരിശോധന ആവശ്യമാണ്. സഭാവിരോധികളുടെ നിരന്തരമായ കടന്നാക്രമണത്തിനു് വിധേയമാകാറുള്ളതു് മിക്കപ്പോഴും സ്ഥാപനങ്ങളാണു്, ആദർശങ്ങളല്ല. മതവിദ്യാഭ്യാസത്തിനു ക്രൈസ്തവർക്കുള്ള അവകാശം നിഷേധിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നതും ഈ സ്ഥാപനങ്ങളുടെ പേരിലാണു്. എന്നാൽ ക്രൈസ്തവരുടെ വിദ്യാസ്ഥാപനങ്ങളും നിരന്തരമായ വിമർശനത്തിനും കടന്നാക്രമണത്തിനും ഇരയായിക്കൊണ്ടിരിക്കുകയാണു്. വിമർശിക്കപ്പെടുന്നതുകൊണ്ടുമാത്രം എന്തെങ്കിലും ശ്ലേഷ്മമാണെന്നു വരുന്നില്ല. എന്നാൽ എല്ലാ മാനുഷിക സ്ഥാപനങ്ങളും വിമർശനത്തെ ഗൗരവപൂ

വ്വം കണക്കിലെടുത്തേ തീരൂ. ആദർശങ്ങളിൽനിന്നു വ്യതിചലിക്കാനുള്ള പ്രലോഭനങ്ങളെ ശക്തിയായി ചെറുത്തുനിൽക്കാൻ വിമർശനങ്ങളും പ്രയോജനപ്പെടുത്തണം. വിമർശിക്കുന്നവരെ ശപിച്ചുതള്ളുന്നതുകൊണ്ടോ പുലഭ്യം പറയുന്നതുകൊണ്ടോ സംഘടിതശക്തി ഉപയോഗിച്ച് പരാജയപ്പെടുത്തുന്നതുകൊണ്ടോ ക്രൈസ്തവർക്ക് തൃപ്തിപ്പെടാനാവില്ല. ഏതായാലും ഒരു കാര്യം തറപ്പിച്ചു പറയാം. ക്രൈസ്തവസഭയുടെ സ്ഥാപനങ്ങളും സഭയുടെ ക്രൈസ്തവസാക്ഷ്യത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി സന്ദർഭങ്ങളും ഇന്നുണ്ട്. ഈ ദുരവസ്ഥയിൽനിന്നു മോചനം നേടിയേ മതിയാവൂ. സഭയുടെ സ്ഥാപനങ്ങളും ക്രൈസ്തവാദർശങ്ങളെ പ്രോജ്ജ്വലിപ്പിക്കുന്നുണ്ടോ എന്നു നിരന്തരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളും കൂടിയേ തീരൂ. നിർഭാഗ്യവശാൽ ഇത്തരം ക്രമീകരണങ്ങളും ഇന്നില്ല, ഉള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുകൂടിപ്പറഞ്ഞാലേ ചിത്രം പൂർണ്ണമാകൂ. ക്രൈസ്തവാദർശങ്ങളുടെ പ്രകടമായ നിഷേധത്തിനു വളംവെച്ചുകൊടുക്കുന്ന സ്ഥാപനങ്ങളുംതന്നെ ക്രൈസ്തവസഭയുടെ ലേബലിൽ പ്രത്യക്ഷപ്പെടുന്നില്ലേ? ഇതെല്ലാം കാണുമ്പോഴും സഭയെ തള്ളിപ്പറയാൻ ചിലർ മുതിരുന്നതിൽ നാമെന്തിനു അത്ഭുതപ്പെടണം?

പുൽക്കൂട്ടിൽപ്പിറന്ന ഉണ്ണി, അപവർണ്ണനീയമായ ലാളിത്യത്തിന്റെ പ്രതിരൂപമായിരുന്നു. ഗാഗുൽത്തായിൽ ക്രൂരമരണം ഏറെറടുത്ത ദൈവപുത്രൻ സഹനത്തിന്റെ മൂർത്തിമദ്ഭാവമാണ്. ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും ലളിതകോമളവുമായിരുന്നു. യുഗങ്ങളിലൂടെ ക്രിസ്തുവിന്റെ പിൻതുടർച്ച അവകാശപ്പെടുന്ന സഭയിൽ ഈ ഗുണങ്ങളും എത്രത്തോളമുണ്ട്? ക്രിസ്തുവിന്റെ രാജത്വം ഭൗമികമായിരുന്നോ എന്നു സംശയം ജനിപ്പിക്കുന്ന രാജകീയപ്രൗഢികളും സഭയിലുണ്ടോ? ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളിൽനിന്നു ഓടിയകലാനുള്ള വ്യഗ്രത സഭയിൽ കാണുന്നുണ്ടോ? ക്രിസ്തുവിന്റെ ദൗത്യം സങ്കീർണ്ണവും ദുരൂഹവുമായിട്ടല്ലേ ഇന്നു അവതരിപ്പിക്കപ്പെടുന്നതു? ഇതെല്ലാം ആത്മാർത്ഥമായ ആത്മപരിശോധനയ്ക്കു വിഷയമാക്കാവുന്ന കാര്യങ്ങളാണു.

വിശ്വാസീകരണത്തിന്റെ കൂദാശയാണു സഭ എന്നു പറയാറുണ്ടല്ലോ. പാപികളോടു കരുണകാണിച്ച ക്രിസ്തുവിന്റെ സഭ, പാപികളുടെ സഭ, വിജയഭേരി മുഴക്കുന്നതു ശരിയല്ല. പക്ഷേ ചരിത്രത്തിന്റെ പല ഘട്ടങ്ങളിലും നിർഭാഗ്യകരമായ ഒരു 'ട്രയംഫലിസം' സഭ പ്രകടിപ്പിച്ചിരുന്നു. സഹോദരക്രൈസ്തവസമൂഹങ്ങളോടും മറ്റു മതങ്ങളോടുമുള്ള സമീപനത്തിൽ ഈ ട്രയംഫലിസം പ്രകടമായിരുന്നതുകൊണ്ടാണു സഭയുടെ ചിത്രത്തിനു വളരെയധികം മങ്ങലേറ്റതു. വത്തിക്കാൻ കൗൺസിൽ പ്രോത്സാഹിപ്പിച്ച ഡയലോഗിന്റെ അരൂപിക്കുമാത്രമാണു ഒരു തീർത്ഥാടകസമൂഹത്തിന്റെ ഗുണവിശേഷങ്ങളും സഭയിൽ വളർത്തിയെടുക്കാൻ കഴിയുക. ഇതുണ്ടായാലേ സഭയ്ക്കു വിശ്വാസീകരണ ദൗത്യം ഫലപ്രദമായി നിർവഹിക്കാനാവൂ.

ഇതുയുമെല്ലാം വിവരിച്ചുകേൾക്കുമ്പോൾ 'Let this Church die' എന്നു വിളിച്ചുപറയാൻ നിങ്ങൾക്കു തോന്നുന്നുണ്ടോ? 'സഭ തുലയട്ടെ' എന്നു പറഞ്ഞാൽ നാമല്ലാം തുലയട്ടെ എന്നുതന്നെയാണല്ലോ അർത്ഥം. അതുകൊണ്ട് കുറേക്കൂടി ശാന്തമായി നാം ഈ പ്രശ്നത്തെ സമീപിക്കണം. കാർഡിനൽ സൂനൻസ് പറയുന്നത് ശ്രദ്ധിക്കു. സഭയെ തഴച്ചുവളർന്ന ഓക്കു വൃക്ഷത്തോടാണ് അദ്ദേഹം ഉപമിക്കുന്നതു്. ഓക്കിന്റെ ശാഖകളെല്ലാം പടർന്നുപന്തലിച്ചുകഴിഞ്ഞു. പക്ഷികളുവയിൽ കൂടുകളും കെട്ടിയിട്ടുണ്ട്. കുറെ ഇത്തിക്കണ്ണികളും തായ്ത്തടിയിൽ പടർന്നുകയറിപ്പോയിട്ടുണ്ട്. അവ വൃക്ഷത്തിൽ നിന്നും ജീവരസത്തെ കുറേ വലിച്ചെടുത്തു തഴയ്ക്കുകയാണ്. ചില ആളുകളും ഈ ഇത്തിക്കണ്ണികളെ തായ്ത്തടിയുടെ പുറംചട്ടയായി പരിഗണിക്കുന്നതു് സങ്കടകരമായ ഒരവസ്ഥയാണ്. പുറംചട്ട തായ്ത്തടിയുടെതന്നെ ഒരു ഭാഗമാണ്. അതു സുശക്തവും അലംഘനീയവുമായിരുന്നാലേ വൃക്ഷത്തിന്റെ ജീവജലം കാത്തുസൂക്ഷിക്കാനാവൂ. ഇത്തിക്കണ്ണികളും പുറംചട്ടയിൽനിന്നു വ്യത്യസ്തമാണ്. അവ-ഒരു കൂട്ടം പഴകിത്തുരുമ്പിച്ച നടപ്പുകളും, നടപടിക്രമങ്ങളും, നിരോധനങ്ങളും, നിയമപാലന സംവിധാനങ്ങളും—വൃക്ഷത്തിനപകടമുണ്ടാക്കുകയും മറ്റുള്ളവരിൽനിന്നു വൃക്ഷത്തെ മറച്ചുനിർത്തുകയുംചെയ്യുന്നു.

കാർഡിനൽ സൂനൻസ് തുടരുന്നു: 'ഇവയെല്ലാം കടന്നുപോവില്ലേ? സഭ ഇവയെ എല്ലാം അതിജീവിക്കില്ലേ? സഭയുടെ അന്തിമ വിജയത്തെക്കുറിച്ച് നാം നിരാശരാകണമോ? തീർച്ചയായും പാടില്ല.....പെസ്സഹാത്തിരുനാളിന്റെ മൂന്നു ദിവസങ്ങളാണു തിരുസഭയുടെ ചരിത്രം അനുസ്മരിപ്പിക്കുന്നതു്. അവയും ദുഃഖവെള്ളിയാഴ്ചയിലും ദുഃഖശനിയാഴ്ചയിലും ഉയർപ്പുഞായറിലെ പ്രഭാപൂർണ്ണമായ പ്രഭാതത്തിലൂടെയാണ് ജീവിക്കുന്നതു്. ദുഃഖവെള്ളി എല്ലാ യാതനകളോടുംകൂടി അവളെ തുറിച്ചുനോക്കുന്നു. അപ്പോഴും അമിതമായ ശുഭാപ്തി വിശ്വാസമുണ്ടായില്ല; നാം പാപത്തിന്റെ യാഥാർത്ഥ്യത്തിലും തിന്മയുടെ ശക്തികളിലും വിശ്വസിക്കുന്നുണ്ട്. പക്ഷേ ഞായറാഴ്ച ഉഷസായപ്പോൾ ഉയിർത്തെഴുന്നേറ്റവന്റെ സജീവസാന്നിദ്ധ്യം പ്രശാന്തവും സുദൃഢവുമായ വിശ്വാസതീഷ്ണതയോടെ മുമ്പോട്ടുപോകുന്നതിനു നമ്മെ പ്രോത്സാഹിപ്പിക്കുകയാണ്....

'പാറക്കെട്ടുകളും നിറഞ്ഞ വഴിത്താരയിലൂടെയാണു നമ്മുടെ പ്രയാണം; പൊടിപടലങ്ങളും ഇരമ്പിയുയരുന്നുണ്ട്; പരാജയങ്ങളും അമിതമായ ക്ഷീണവും അനുഭവപ്പെടുന്നുണ്ട്. പക്ഷേ ഗ്രൂപ്പുകളൊടെയുണ്ട്, എമ്മാവൂസിലേക്കുള്ള നമ്മുടെ ഈ മാർഗ്ഗത്തിൽ'.

കുറിപ്പ്: കാർഡിനൽ സൂനൻസിന്റെ Co-Responsibility in the Church എന്ന ഗ്രന്ഥത്തിലെ ആശയങ്ങളും ഈ പ്രബന്ധത്തിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഉദ്ധരണികളും ജെ പി. തോട്ടിലിന്റെ തർജ്മയിൽനിന്നും. ഫ്രാങ്ക്ഫർട്ടിന്റെ Is it the same Church, എന്ന ഗ്രന്ഥവും പ്രയോജനപ്പെട്ടിട്ടുണ്ട്.